(എ) സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതും യു.എൻ. ഡി.പി.യുടെ അംഗീകാരമുള്ളതുമായ കയർ വികസന പദ്ധതി പ്രാവർത്തിക മാക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ്, സഹകരണ സംഘങ്ങൾ, സ്വകാര്യ മേഖല എന്നിവയ്ക്കുള്ള പങ്ക് എന്തെന്ന് വിശദീകരിക്കുമോ;

(ബി) കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും വിപണി വികസിപ്പി ക്കുവാൻ ഈ പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തി ട്ടുള്ളത്;

(സി) ഈ പദ്ധതികൊണ്ട് എത്ര കയർ തൊഴിലാളികൾക്കും, കയർ സഹകരണ സംഘങ്ങൾക്കും പ്രയോജനം ലഭിക്കുമെന്ന് പറയുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) യു.എൻ.ഡി.പി.യുടെ സഹായത്തോടെ നടപ്പാക്കുന്ന കയർ വികസന പദ്ധതി പ്രകാരം കയർ ബോർഡിന്റെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കയർ റെട്ട് ഉപയോഗിച്ച് ചകിരിനാരിന്റെ സംസ്കരണം, പിത്ത്പ്ലസ് ഉപയോഗിച്ചുള്ള പ്രകൃതിദത്തമായ വളനിർമ്മാണം, മലിനജല നിയന്ത്രണ സംവിധാനം, അർദ്ധ യന്ത്രവൽക്കൃത റാട്ടുകൾ എന്നിവ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയർ തൊഴിലാളികൾക്കും കയർ വ്യവസായികൾക്കും ഇത്തരം സാങ്കേതിക വിദ്യകളിൽ സഹകരണ സ്ഥാപനങ്ങളും ഗവൺമെന്റേതര സ്ഥാപനങ്ങൾ വഴിയും പരിശീലനം നൽകു ന്നതാണ്. പരിശീലനക്കാലത്ത് ബോർഡ് അംഗീകൃത റേറ്റിൽ സ്റ്റൈപന്റ് നൽകുന്നതാണ്. ഈ മേഖലയിൽ സ്വകാര്യ വ്യക്തികൾക്കും ആധുനിക സാങ്കേതിക വിദ്യ അനുസരിച്ച് കയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ആകെ ചെലവിന്റെ 25% മുതൽ പരമാവധി 1.50 ലക്ഷം രൂപ വരെ സ്വന്തം ചകിരിനാരു പയോഗിച്ച് ഉൽപ്പാദനം നടത്തുകയാണെങ്കിൽ നൽകുന്നതാണ്.

(ബി) ഈ പദ്ധതിയുടെ കീഴിൽ ഇന്ത്യൻ മാർക്കറ്റിൽ കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും സാദ്ധ്യതയെക്കുറിച്ച് പഠനം നടത്താനും വിപണി വികസനത്തിന് അനുയോജ്യമായ തന്ത്രം ആവിഷ്കരിക്കാനും വിഭാവനം ചെയ്തിട്ടുണ്ട്.

(സി) ഈ പദ്ധതികൊണ്ട് ഏകദേശം 45,000 കയർ തൊഴിലാളികൾക്കും ആലപ്പുഴ, കൊല്ലം ജില്ലകളിലെ കയർ സഹകരണ സ്ഥാപനങ്ങൾക്കും പ്രയോ ജനം ലഭിക്കുമെന്നാണ് കയർ ബോർഡ് കണക്കാക്കിയിരിക്കുന്നത്.

16 (*136) കൈവശഭൂമിക്ക് പട്ടയം

ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കൃഷി ക്കാർക്ക് കൈവശ ഭൂമിയിൽ പട്ടയം നൽകിയിട്ടുണ്ട്;

(ബി) ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇടുക്കി ജില്ലയിലെ മലയോര കർഷകർക്ക് പട്ടയം ലഭിക്കുന്ന തിനുണ്ടായിരുന്ന നിയമതടസ്സം എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇടുക്കി ജില്ലയിലെ കട്ടപ്പനയിൽ പട്ടയ വിതരണ പരിപാടി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തതിനുശേഷം എത്ര കൃഷിക്കാർക്ക് പട്ടയം നൽകിയിട്ടുണ്ട്;

(ഇ) ഇനി എത്രപേർക്ക് പട്ടയം നൽകാനുണ്ട്?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 50,255 കൃഷിക്കാർക്ക് കൈവശഭൂമിയിൽ പട്ടയം നൽകിയിട്ടുണ്ട്.

(ബി) ജില്ലതിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	-	1681 പേർക്ക്
കൊല്ലം	-	985 പേർക്ക്
പത്തനംതിട്ട	-	748 പേർക്ക്
ആലപ്പുഴ	-	കൃഷിക്കാർക്ക് പട്ടയം നൽകിയിട്ടില്ല
കോട്ടയം	-	5200 പേർക്ക്
ഇടുക്കി	-	731 പേർക്ക്
എറണാകുളം	-	കൈവശ കൃഷിക്കാർക്ക് പട്ടയം നൽകിയിട്ടില്ല
തൃശ്ശൂർ	-	4914 പേർക്ക്
പാലക്കാട്	-	9025 പേർക്ക്
മലപ്പുറം	-	139 പേർക്ക്
കോഴിക്കോട്	-	4985 പേർക്ക്
വയനാട്	-	728 പേർക്ക്
കണ്ണൂർ	-	12152 പേർക്ക്
കാസർഗോഡ്	-	8967 പേർക്ക്

(സി) 14276/1993-ാം നമ്പർ ഒ.പി.യിലെ 28540/94-ാം നമ്പർ സി.എം.പി.യിൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച നിരോധന ഉത്തരവാണ് പട്ടയം നൽകുന്നതിന് തടസ്സമായിരുന്നത്.

(ഡി) 731 കൃഷിക്കാർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ഇ) ഇടുക്കി ജില്ലയിൽ ഇനി 38,353 പേർക്ക് പട്ടയം നൽകുവാനുണ്ട്.

17 (*137) റവന്യൂ കാർഡുമൂലമുള്ള പ്രയോജനം

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly